# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4040</u>** **<u>16.03.2017-ൽ മറുപടിയ്ക്ക്</u>**

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.സി.എഫ്.തോമസ്** | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കറിച്ചി, വാഴപ്പള്ളി, മാടപ്പള്ളി, തൃക്കൊടിത്താനം എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലും ചങ്ങനാശ്ശേരി മുനിസിപ്പൽ ടൌണിലുമായി ആകെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്. |

| | | |
|---|---|---|
| 1 | കുറിച്ചി പഞ്ചായത്ത് | 36 |
| 2 | വാഴപ്പള്ളി പഞ്ചായത്ത് | 1 |
| 3 | തൃക്കൊടിത്താനം പഞ്ചായത്ത് | 5 |
| 4 | മാടപ്പള്ളി പഞ്ചായത്ത് | 20 |
| 5 | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | ഇല്ല |
| | **ആകെ** | **62** |

| | | | |
|---|---|---|---|
| ബി) | ഈ കുടുംബങ്ങളുടെ ക്ഷേമത്തിനു വേണ്ടി 2016-2017 സാമ്പത്തിക വർഷത്തിൽ എത്ര തുക പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷം കുറിച്ചി പഞ്ചായത്തിലെ മത്സ്യബന്ധന തൊഴിലിൽ ഏർപ്പെടുന്ന 4 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വള്ളവും വലയും വാങ്ങിനൽകുന്നതിനായി 1,12,000/-രൂപ വകയിരുത്തിയിട്ടുണ്ട്. ടി പഞ്ചായത്തിലെ 15 പട്ടികവർഗ്ഗ വനിതകൾക്ക് തയ്യൽമെഷീനും അനുബന്ധ സാമഗ്രികളും വാങ്ങി |

| | | | |
|---|---|---|---|
| | | | നൽകുന്നതിനായി 2,39,250/-രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതികൾ വൈക്കം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ കുറിച്ചി പഞ്ചായത്തിലും, തൃക്കൊടിത്താനം പഞ്ചായത്തിലും ഓരോ കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവനപുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന പുനരുദ്ധാരണ ഗ്രാന്റ് (1 ലക്ഷം രൂപ) വീതം അനുവദിച്ചിട്ടുണ്ട്. ആയതിൽ ഒരു കുടുംബം ഒന്നാം ഗഡു തുക (40,000/-രൂപയും) മറ്റൊരു കുടുംബം 2 ഗഡുക്കളും (80,000/-രൂപ) കൈപ്പറ്റിയിട്ടുണ്ട്. |
| സി) | കുറിച്ചി പഞ്ചായത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വേണ്ടി ഒരു പൊതുശ്മശാനം നിർമ്മിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; | സി) & ഡി) | നിലവിൽ ഇതു സംബന്ധിച്ച അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |
| ഡി) | എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

[redacted]